I ഇ.ബി. XIV - കേരള നിയമസഭ /X-9

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 12, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികളും സ്വകാര്യ ഫാക്ടറികളും പ്രവർത്തിക്കാത്തതുമൂലം തൊഴിലാളികൾ ജോലിയില്ലാതെ കഷ്ടപ്പെടുകയും ഇ.എസ്.ഐ. ആനുകൂല്യവും ചികിത്സയും നിലച്ചിരിക്കുകയുമാണ്. ഇതുമൂലം കശുവണ്ടി മേഖലയിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. അടൂർ പ്രകാശ്, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഷ്യു കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ ജനുവരി മാസം വരെ 228 തൊഴിൽ ദിനങ്ങളും കാപ്പെക്സിൽ ഡിസംബർ മാസം വരെ 178 തൊഴിൽ ദിനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കാപ്പെക്സിലും കാഷ്യൂ കോർപ്പറേഷനിലും തോട്ടണ്ടി ലഭ്യമാക്കി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും വിവിധ വകുപ്പുകളുമായി ചേർന്ന് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും ഈ വർഷം വനം വകുപ്പിന്റെ കീഴിലുള്ള അയ്യായിരം ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനും നടപടിയെടുത്തിട്ടുണ്ട്. മറ്റ് തോട്ടങ്ങളിൽ കൃഷി ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥലത്തെ റവന്യൂ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന കശുമാവ് വികസന ഏജൻസി മുഖാന്തിരം തൈകൾ വിതരണം ചെയ്ത് 4250 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കാഷ്യൂ ബോർഡ് ചർച്ച നടത്തുകയും സർക്കാർ ഉറപ്പിൻമേൽ വായ്പ നൽകാമെന്ന് ബാങ്കുകളുടെ കൺസോർഷ്യം

തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ ആരോഗ്യസ്ഥിതി പരിശോധിക്കുന്നതിനും ഗുരുതര രോഗം ബാധിച്ചവരെ സൗജന്യമായി ചികിത്സിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്നതോടൊപ്പം ഇ.എസ്.ഐ. ആനുകൂല്യങ്ങൾ യഥാസമയം നൽകുകയും ചെയ്യുന്നുണ്ട്. കടക്കെണിയിലകപ്പെട്ട വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് ബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തുകയും ജപ്തി നടപടികളിൽനിന്നും പിൻതിരിയണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് മെയ് 31 വരെ വായ്പകളിൽ മൊറട്ടോറിയം പ്രഖ്യാപിക്കുകയും കശുവണ്ടി ഫാക്ടറികൾക്ക് പ്രത്യേകമായ പുനരുദ്ധാരണ പാക്കേജ് നിശ്ചയിക്കുകയും ചെയ്തതിന് പുറമെ പുനരുദ്ധരിക്കാൻ കഴിയാത്ത ഫാക്ടറികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും പരിഗണനയിലുണ്ട്.

<u>ശ്രീ. അടൂർ പ്രകാശ്</u>: കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും കാപ്പെക്സിന്റെ കീഴിലുള്ള 10 ഫാക്ടറികളും സ്വകാര്യ ഫാക്ടറികളുമെല്ലാം അടച്ചുപൂട്ടിയിരിക്കുകയാണ്. ഈ രംഗത്ത് പണിയെടുക്കുന്ന രണ്ടുലക്ഷത്തോളം വരുന്ന തൊഴിലാളികളിൽ 90 ശതമാനത്തിലധികവും സ്ത്രീകളാണ്. അന്യസംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി ഇവിടെ കൊണ്ടുവന്ന് വിതരണം ചെയ്യുമെന്നും തൊഴിലാളികൾക്ക് കൂടുതൽ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യമായിട്ടില്ല. ഹൃദ്രോഗവും വൃക്കരോഗവും പിടിപെട്ട് തൊഴിലാളികൾ സൗജന്യ ചികിത്സയ്ക്കായി നെട്ടോട്ടമോടുകയാണ്. ജോലിയില്ലാതെ പട്ടിണിയിൽ കഴിയുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യവും നിഷേധിച്ചിരിക്കുകയാണ്. 3650 ദിവസം പി.എഫ്. വിഹിതം അടയ്ക്കാത്ത തൊഴിലാളികൾക്ക് മിനിമം പെൻഷൻപോലും ലഭിക്കുന്നില്ല. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും ആവശ്യമായ അസംസ്കൃത സാധനങ്ങൾ എത്തിക്കാൻ നടപടി സ്വീകരിക്കണം. കശുവണ്ടി മേഖലയിൽ ആവശ്യമായ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ ആത്മഹത്യാ പ്രവണത ഇല്ലാതാക്കുന്നതിനും മുഖ്യമന്ത്രിയുടെ അടിയന്തര ഇടപെടൽ ഉണ്ടാകണം. തൊഴിൽ നഷ്ടപ്പെട്ടവർക്ക് 10,000 രൂപയെങ്കിലും ധനസഹായം നൽകുന്നതിനും സൗജന്യ റേഷൻ അനുവദിക്കുന്നതിനും തയ്യാറാകണം. അത്യന്തം ഗൗരവമേറിയ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കശുവണ്ടി മേഖലയുടെ പ്രവർത്തനത്തിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യം തോട്ടണ്ടി ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ അംബാസിഡർമാരുമായി ചർച്ച ചെയ്യുകയും ആവശ്യമായ സഹായം ചെയ്യുന്നതിന് തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി മേഖലയിലെ പ്രതിസന്ധി

പരിഹരിക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യാൻ സർക്കാർ തയ്യാറാണ്. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആഭ്യന്തര മാർക്കറ്റിൽ നിന്നും പരമാവധി കശുവണ്ടി സംഭരിക്കുന്നതിനും തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതിയെ നിയമിക്കാമെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ സമ്മതിക്കുകയും 82,000 ആളുകൾക്ക് ചികിത്സ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും പരമാവധി കശുവണ്ടി സംഭരിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ആവശ്യമായ ശ്രമം നടത്തിവരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ കശുവണ്ടി ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമം പ്രായോഗികമല്ല. കശുവണ്ടി വികസന കോർപ്പറേഷന് ആറളം ഫാമിൽ നിന്നും ഈ വർഷം 20 മെട്രിക് ടൺ തോട്ടണ്ടി ലഭിച്ചിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പാക്കേജുകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല,

പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) പുനരുദ്ധാരണ പാക്കേജ്

ശ്രീ. ആർ. രാമചന്ദ്രൻ: കയർ വ്യവസായം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി അസംസ്കൃത വസ്തുവായ ചകിരിയുടെ ദൗർലഭ്യമാണ്. കേരളത്തിലെ തൊണ്ട് സംഭരണം കാര്യക്ഷമമല്ലാത്തതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന നിലവാരം കുറഞ്ഞ ചകിരി ഉപയോഗിച്ചാണ് കയർ ഉല്പാദിപ്പിക്കുന്നത്. ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നേരിട്ട് തൊണ്ട് സംഭരിച്ച് ഗുണമേന്മയുള്ള ചകിരി കയർ ഉല്പാദകർക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിച്ച് ആഴ്ചതോറും ലഭ്യമാക്കുന്നതിനും വ്യവസായത്തിന്റെ നിലനിൽപ്പിനും പുനരുദ്ധാരണത്തിനും തൊഴിലാളികളുടെ സംരക്ഷണത്തിനുമായി സമഗ്ര പാക്കേജ് നടപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കയർ

വ്യവസായം അതീവ ഗുരുതരമായ വെല്ലുവിളികൾ നേരിടുകയും കയറുല്പന്നങ്ങൾ കേരളത്തിന് പുറത്ത് വില്ക്കാൻ സാധിക്കാത്ത അവസ്ഥയുമാണുള്ളത്. ചകിരി ഉല്പാദനം നിലനിർത്തുന്നതിനും കയർമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 65 എണ്ണം ഈ വർഷം സ്ഥാപിക്കുന്നതിനായി മൂന്നു കോടി രൂപയും കുടുംബശ്രീയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലുമായി 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് 8.15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്കും മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് കൊടുക്കുന്നത് പ്രായോഗികമല്ലെങ്കിലും കോക്കനട്ട് പ്രൊഡ്യൂസർ സംഘങ്ങളുമായി ബന്ധപ്പെട്ട് തൊണ്ട് സംഭരിക്കുന്നതിനുള്ള സഹായം നൽകുന്നുണ്ട്. പഴയ കയർപിരി യന്ത്രങ്ങൾക്ക് പകരം ഇലക്ട്രോണിക് റാട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും അടുത്ത വർഷത്തിനുള്ളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. സൂപ്പർ മാർക്കറ്റുകളിൽ കയർ ഉല്പന്നങ്ങളുടെ ഒരു സ്റ്റാന്റെങ്കിലും വയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ പ്രത്യേക ഏജൻസിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലാളികളുടെ വേതനം ആഴ്ചതോറും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം യന്ത്രവത്കരണം ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളിലൂടെ ഉല്പാദന ക്ഷമത

വർദ്ധിപ്പിക്കുന്നതനുസരിച്ച് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(2) ഇതര സംസ്ഥാന തൊഴിലാളി ക്ഷേമം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പരമ്പരാഗത മേഖല ഒഴികെയുള്ള സംസ്ഥാനത്തെ മിക്ക വ്യവസായങ്ങളും ഇതര സംസ്ഥാന തൊഴിലാളികളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മറ്റ് തൊഴിലാളികളെ അപേക്ഷിച്ച് ഇവർക്ക് കുറഞ്ഞ കൂലിയാണ് നൽകിവരുന്നത്. അപകടത്തിൽപ്പെടുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനും മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നില്ല. ആവാസ് ഇൻഷ്വറൻസ് പദ്ധതിക്കും അപ്നാ ഘർ പാർപ്പിട സമുച്ചയ പദ്ധതിക്കും പുറമെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരു അതോറിറ്റി/ബോർഡ്/വകുപ്പ് രൂപീകരിക്കുകയോ നോർക്ക വകുപ്പിനെ ഇവരുടെ കാര്യങ്ങൾകൂടി പരിഗണിക്കുന്ന പ്രവാസികാര്യ വകുപ്പായി ഉയർത്തുകയോ വേണം. 2010-ൽ രൂപീകരിച്ച കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷന്റെ 2013-ലെ പഠന പ്രകാരം 25

ലക്ഷത്തിലധികം ഇതര സംസ്ഥാനത്തൊഴിലാളികൾ സംസ്ഥാനത്തുള്ളതായി കണക്കാക്കിയിട്ടുണ്ടെങ്കിലും ഇവർ തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ, ലൈസൻസ് സംവിധാനത്തിന് കീഴിൽ വന്നിട്ടില്ല. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 30 രൂപ അംശദായമടച്ച് അംഗങ്ങളാകുന്ന 18-നും 60-നും ഇടയിൽ പ്രായമുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ സഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസാനുകൂല്യം, അപകട മരണ ധനസഹായം, ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, പ്രസവ ധനസഹായം എന്നിവ നൽകിവരുന്നുണ്ട്. ജോലി സ്ഥലങ്ങളിൽ അപകടത്തിൽപ്പെട്ട് മരണമടയുന്നവർക്കുള്ള ധനസഹായം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവരുടെ ആരോഗ്യവും ശുചിത്വവും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പരിശോധന നടത്തുന്നതിന് ടാസ്ക് ഫോഴ്സ് പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ മുഖേന പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് താമസസൗകര്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോഴിക്കോട്ടും എറണാകുളത്തും സമാന സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചതിനോടൊപ്പം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന

തൊഴിലാളികൾക്ക് 15,000 രൂപയുടെ ആരോഗ്യ പരിരക്ഷയും രണ്ട് ലക്ഷം രൂപയുടെ മരണ പരിരക്ഷയും നൽകുന്ന ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 1.72 ലക്ഷം തൊഴിലാളികൾ രജിസ്റ്റർ ചെയ്ത് കാർഡ് വാങ്ങിയിട്ടുണ്ട്. ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് തുല്യവേതനമാണ് ലഭ്യമാകുന്നത്. വേതനം പിടിച്ചുവയ്ക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെട്ട് പരിഹാരം കാണുകയും അപകടമരണം സംഭവിച്ചവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് മറ്റ് വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇവരുടെ പ്രശ്നങ്ങളിൽ സർക്കാർ സജീവമായി ഇടപെടുന്ന സാഹചര്യത്തിൽ ഇതിനായി പ്രത്യേക അതോറിറ്റിയോ വകുപ്പോ രൂപീകരിക്കേണ്ട ആവശ്യമില്ല. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ട്രേഡ് യൂണിയൻ സംഘടനകളുടെ ഇടപെടലുണ്ടാകണം.

## III. പ്രത്യേക പരാമർശം

### ജാഗ്രതാ നിർദ്ദേശം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കന്യാകുമാരിക്ക് തെക്ക് ഭാഗത്ത് രൂപപ്പെട്ടിരിക്കുന്ന ന്യൂനമർദ്ദം ശക്തമാകുമെന്നും കേരളത്തിനും

ലക്ഷദ്വീപിനുമിടയിലൂടെ കടന്നുപോകുമെന്നുമുള്ള റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കന്യാകുമാരിയുടെ തെക്ക് ഭാഗത്ത് രൂപപ്പെട്ട ന്യൂനമർദ്ദം ശക്തിപ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് ലഭിച്ചയുടൻതന്നെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിവിധ വകുപ്പുകൾക്കും ഉന്നത ഉദ്യോഗസ്ഥർക്കും വിവരങ്ങൾ കൈമാറുകയും തിരുവനന്തപുരം കളക്ടറേറ്റിൽ കൺട്രോൾ റൂം ആരംഭിക്കുകയും ഉച്ചഭാഷിണിയിലൂടെ അനൗൺസ് ചെയ്തും ഫോണിലൂടെ സന്ദേശം നൽകിയും മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ സന്ദേശമെത്തിക്കാൻ മത്സ്യബന്ധന-റവന്യൂ വകുപ്പുകളും കോസ്റ്റൽ പോലീസും ഉണർന്ന് പ്രവർത്തിക്കുന്നുണ്ട്. തെക്കൻ കേരളത്തിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുള്ളതിനാൽ ഈ മാസം 14-ാം തീയതിവരെ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട് .

## IV. സബ്മിഷൻ

### (1) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാന സർവ്വീസ്

പെൻഷൻകാർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സർക്കാർ നടപ്പിലാക്കുന്നതാണ്. ഇത് സംബന്ധിച്ച് 24.4.2017-ൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചർച്ചകളും പഠനങ്ങളും നടത്തിയതിനുശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽനിന്നും താൽപര്യ പത്രം ക്ഷണിക്കുകയുമുണ്ടായി. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി തൽക്കാലം സംയോജിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും ലഭിച്ച താൽപര്യ പത്രം പരിശോധിക്കുകയും ടെൻഡർ നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തീകരിച്ച് ഇൻഷ്വറൻസ് പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതാണ്.

(2) കുടുംബകോടതി

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര താലൂക്കിൽ കുടുംബകോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നെയ്യാറ്റിൻകര താലൂക്കിൽ കുടുംബകോടതി ആരംഭിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാർ

സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിൽ സ്ഥലം സംബന്ധിച്ച് വ്യക്തമാക്കിയിരുന്നില്ല. സർക്കാർ കണ്ടെത്തിയ സ്ഥലം കുടുംബകോടതിക്കുവേണ്ടി നൽകാൻ കഴിയില്ലെന്ന് പോലീസ് മേധാവി അറിയിക്കുകയുണ്ടായി. ആയതിനാൽ മറ്റൊരു സ്ഥലം കണ്ടെത്തി നെയ്യാറ്റിൻകരയിൽ കുടുംബകോടതി സ്ഥാപിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(3) അദ്ധ്യാപകന്റെ മരണം

ശ്രീ. കെ. സി. ജോസഫ്: കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അക്രമങ്ങൾ തടയുന്നതിനും അദ്ധ്യാപകനായ പി. ടി. രമേശന്റെ കൊലപാതകത്തിനുത്തരവാദികളെ അറസ്റ്റ് ചെയ്യുന്നതിനും സംഭവത്തിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാസർഗോഡ്-ചീമേനി നാലിലക്കണ്ടം ഗവൺമെന്റ് യു.പി.എസ്. അദ്ധ്യാപകനായ പി. ടി. രമേശൻ 03/03/2018-ന് ആക്രമിക്കപ്പെടുകയും ചികിത്സയിലിരിക്കെ മരണപ്പെടുകയുമുണ്ടായ സംഭവത്തിൽ ചീമേനി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വത്ത് തർക്കവും മറ്റു കാരണങ്ങളുമാണ് ആക്രമണത്തിന് കാരണമെന്നാണ് പോലീസ് അന്വേഷണത്തിൽനിന്നും മനസ്സിലാകുന്നത്. ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. മൂന്നും നാലും പ്രതികളെ കണ്ടെത്തുന്നതിനായി അന്വേഷണം

നടത്തിവരുന്നു. പോലീസിന്റെ ഭാഗത്തുനിന്നും ഒരു അലംഭാവവും ഉണ്ടാകുകയില്ല.

(4) വിദ്യാർത്ഥിനിയെ മർദ്ദിച്ച സംഭവം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: നീത ജോസഫ് എന്ന നിയമ വിദ്യാർത്ഥിനിയായ വീട്ടമ്മയെ ശാരീരികവും മാനസികവുമായി പീഡിപ്പിച്ച ഓട്ടോ റിക്ഷാ ഡ്രൈവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിയമ വിദ്യാർത്ഥിനിയും വീട്ടമ്മയുമായ നീത ജോസഫിനെ ഓട്ടോ റിക്ഷാ ഡ്രൈവർ ആക്രമിച്ച സംഭവത്തിൽ മൊഴി രേഖപ്പെടുത്തുകയും ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്ത് പ്രതി അബ്ദുൾ ലത്തീഫിനെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്യുകയും ഇയാളുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആലുവാ ഈസ്റ്റ് പോലീസ് വനിതാ സബ് ഇൻസ്പെക്ടർ കേസന്വേഷണം നടത്തിവരുന്നു.

(5) പട്ടയ വിതരണം

ശ്രീ. സി. കെ. ഹരീന്ദ്രൻ: കാട്ടാക്കട താലൂക്കിലെ അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് സാങ്കേതിക തടസ്സങ്ങൾ നീക്കി പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): അഞ്ചുചങ്ങല പ്രദേശം ഉൾപ്പെട്ടുവരുന്ന അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് എന്നീ

പ്രദേശങ്ങളിൽ വീടുവച്ച് താമസിക്കുന്ന കയ്യേറ്റക്കാർക്ക് പട്ടയം നൽകുന്നതിനായി സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും വനം, ഇറിഗേഷൻ, പൊതുമരാമത്ത് വകുപ്പുകളുടെ നിരാക്ഷേപപത്രവും ഡാം സുരക്ഷാ സമിതിയുടെ അനുവാദവും ആവശ്യമാണ്. നിയമപരമായി തടസ്സങ്ങളിലാത്ത അപേക്ഷകളിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാറ പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവയ്ക്ക് പട്ടയം നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ അവയുടെ കാര്യത്തിൽ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. കോളനി ആവശ്യത്തിലേയ്ക്ക് വാങ്ങിയ ഭൂമിയുടെ ആധാരങ്ങൾ ലഭ്യമല്ലെങ്കിൽ പകർപ്പുകളുടെ അടിസ്ഥാനത്തിൽ താമസക്കാർക്ക് പ്രമാണം ചെയ്തുനൽകുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും പഞ്ചായത്തിൽനിന്നും അതിനുള്ള ശിപാർശകളൊന്നും ലഭിച്ചിട്ടില്ല. കണ്ടുകൃഷി ഭൂമി പട്ടയങ്ങളുടെ കാര്യത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി പട്ടയം നൽകുന്നുണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചു ചേർക്കുന്ന യോഗത്തിനുശേഷം വനം, ഇറിഗേഷൻ, പൊതുമരാമത്ത് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പാറശ്ശാല മണ്ഡലത്തിലെ പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണ്.

(6)താലൂക്ക് ആശുപത്രി വികസനം

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും

പ്രവർത്തിക്കുന്ന ട്രോമാ കെയർ സെന്റർ, ഒ.പി./ഐ.പി. കണക്കനുസരിച്ചുള്ള സ്റ്റാഫ് നഴ്സ് പാറ്റേൺ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുൾപ്പെടെയുള്ള ഡോക്ടർമാർ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): നാദാപുരം താലൂക്കാശുപത്രിയുടെ നിർമ്മാണത്തിലിരിക്കുന്ന അഞ്ചുനില കെട്ടിടത്തിന്റെ ശേഷിച്ച പണി പൂർത്തിയാക്കുന്നതിന് 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന തയ്യാറാക്കിയിട്ടുണ്ട്. ആശുപത്രിയിൽ ആവശ്യത്തിന് സ്റ്റാഫില്ല എന്നുള്ളത് ഗുരുതരമായ പ്രശ്നമാണ്. ആർദ്രം മിഷന്റെ ഭാഗമായി ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എന്ന തോതിൽ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ പോസ്റ്റ് ക്രിയേഷനുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യ ഘട്ടത്തിൽ 44 ആശുപത്രികളിൽ പശ്ചാത്തല സൗകര്യ വികസനം, സ്പെഷ്യാലിറ്റി വർദ്ധിപ്പിക്കൽ, പോസ്റ്റ് ക്രിയേഷൻ മുതലായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അടുത്ത ഘട്ടത്തിൽ നാദാപുരം ആശുപത്രിയെ ഇതിലുൾപ്പെടുത്തുന്നതും അവിടെ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ ഫയലുകൾ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുന്നതുമാണ്. സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് അടിയന്തരമായി ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്നതാണ്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന്

ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(7) കിടത്തിച്ചികിത്സ

ശ്രീ. എൻ. ഷംസുദ്ദീൻ: ആലനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആലനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രം സി.എച്ച്.സി.യായി അപ്ഗ്രേഡ് ചെയ്തെങ്കിലും അതനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. ഡോക്ടർമാർ -2, ഗ്രേഡ് I നഴ്സ്-2, ഗ്രേഡ് II നഴ്സ്-2, ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1, നഴ്സിംഗ് അസിസ്റ്റന്റ്സ്-2 എന്നിങ്ങനെയാണ് അവിടത്തെ സ്റ്റാഫ് പാറ്റേൺ. രണ്ട് ഡോക്ടർമാരെക്കൊണ്ട് കിടത്തിച്ചികിത്സ ഉറപ്പാക്കാൻ സാധിക്കുകയില്ല. വളരെ പ്രധാനപ്പെട്ട കുറെ സി.എച്ച്.സി.കളെങ്കിലും കിടത്തിച്ചികിത്സയ്ക്കായി അപ്ഗ്രേഡ് ചെയ്യണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. അങ്ങനെ ചെയ്യുന്ന ഘട്ടത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് ആലനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന് മുന്തിയ പരിഗണന കൊടുക്കുന്നതാണ്.

(8) റോഡ് വികസനം

ശ്രീ. ആർ. രാജേഷ്: കായംകുളം-പുനലൂർ റോഡ് വീതികൂട്ടി ആധുനിക ട്രാഫിക് സംവിധാനങ്ങളോടെ ശാസ്ത്രീയമായി പുനർനിർമ്മിക്കുന്നതിന് നടപടി

സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കായംകുളം-പത്തനാപുരം റോഡിന്റെ ഇരുവശവുമുള്ള സ്ഥലങ്ങൾ പലരും കയ്യേറിയിരിക്കുകയാണ്. ഇവിടെ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് റോഡ് സേഫ്റ്റി പ്രവൃത്തിക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കാലാവധി കഴിഞ്ഞിട്ടും വർക്ക് ചെയ്യാത്തതിനാൽ കോൺട്രാക്ടർക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്. ഈ വർഷം ജനുവരിയിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 40 കോടി രൂപ മുടക്കി 9 മീറ്റർ വീതിയിൽ റോഡ് പുനരുദ്ധാരണം നടപ്പിലാക്കിവരുന്നു. മൂന്ന് അസംബ്ലി മണ്ഡലങ്ങളിൽ ഉൾപ്പെട്ട റോഡായതിനാൽ സ്ഥലം എം.എൽ.എ.മാർ സംയുക്തമായി ഉത്തരവാദിത്വം ഏറ്റെടുത്ത് തീരദേശത്തേയും മലയോരത്തേയും ബന്ധിപ്പിക്കുന്ന റോഡ് മികച്ചതാക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

(9) നെല്ല് സംഭരണം

ശ്രീ. മുരളി പെരുനെല്ലി: നെൽകർഷകരെ മില്ലുടമകളുടെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പി. തിലോത്തമൻ): കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല് മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ

നിന്ന് ഏറ്റെടുത്ത് ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ നിയോഗിച്ചിട്ടുണ്ട്. വിവിധ മില്ലുടമകളുമായി സപ്ലൈകോ നടത്തിയ കരാർ പ്രകാരമാണ് സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണത്തിനായി നൽകുന്നത്. തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുള്ള തുക കർഷകർക്ക് നൽകുന്നതിനെക്കുറിച്ച് മില്ലുടമകളുമായി ഒപ്പിട്ട കരാറിൽ പ്രതിപാദിച്ചിട്ടില്ല. കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിനായി ചണച്ചാക്കുകൾ നൽകുന്നതിനും തൂക്കം പരിശോധിക്കുന്നതിനും ലോഡിംഗിനും ട്രാൻസ്പോർട്ടേഷനും ആവശ്യമായി വരുന്ന ചെലവുകൾ മില്ലുടമകൾതന്നെ വഹിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുത്ത് സംസ്കരിച്ച് അരിയാക്കി വിതരണയോഗ്യമാക്കുന്നതുവരെയുള്ള പ്രവൃത്തികൾക്ക് പ്രോസസിംഗ് ചാർജ്ജായി ഒരു ക്വിന്റൽ നെല്ലിന് 214 രൂപ സപ്ലൈകോ മില്ലുടമകൾക്ക് നൽകി വരുന്നുണ്ട്. ഇതിൽ നിന്ന് പന്ത്രണ്ട് രൂപ ഒരു ക്വിന്റൽ നെല്ല് ലോറിയിൽ കയറ്റുന്നതിനുള്ള കയറ്റുകൂലിയായി കർഷകർക്ക് നൽകണമെന്ന് മില്ലുടമകളോട് നിർദ്ദേശിക്കുകയും ആയത് കൃത്യമായി കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(10) ടീച്ചിംഗ് ജോലിയിൽ നിന്ന് ഒഴിവാക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരെ ടീച്ചിംഗ് ജോലിയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളാക്കി ഉയർത്തിയപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് തന്നെ ഹയർസെക്കണ്ടറി വിഭാഗത്തിലും സേവനം ചെയ്യേണ്ടതായി വരുന്നു. ഹയർ സെക്കണ്ടറിയിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ഹൈസ്കൂൾ മിനിസ്റ്റീരിയൽ വിഭാഗത്തിന് ഈ ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് പ്രസ്തുത ജോലികൾകൂടി പ്രിൻസിപ്പൽമാർ നിർവ്വഹിക്കേണ്ടി വന്നത്. 6-1-2006-ലെ ഉത്തരവുപ്രകാരം ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തിക അപ്ഗ്രേഡ് ചെയ്താണ് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചത്. സർക്കാർ/എയ്ഡഡ് മേഖലകളിലെ 1450 സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക നിലവിലുണ്ട്. സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ ഹയർസെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പൽമാരെ അദ്ധ്യയന ചുമതലയിൽനിന്ന് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല. ഹയർസെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## IV.മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V.റിപ്പോർട്ട് സമർപ്പണം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI.ധനകാര്യം

2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം (2601,86,48,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV- പഞ്ചായത്ത് (1279,40,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI-ഗ്രാമവികസനം (3870,95,93,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീമതി പി. അയിഷാ പോറ്റി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പാക്കിയതിലൂടെ വികസന പ്രവർത്തനങ്ങളിൽ മികവ് പുലർത്താനും ജനകീയാസൂത്രണത്തിന്റെ ഭാഗമായി താഴേത്തട്ടിലേയ്ക്ക് അധികാരം എത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കാനും സാധിച്ചു. ചെറുകിട കർഷകരെ ഉൽപ്പാദന മേഖലയിലേയ്ക്ക് ആകർഷിക്കുന്ന നയസമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. മാലിന്യ സംസ്കരണത്തിന് ഗ്രാമ-നഗര വ്യത്യാസമില്ലാതെ പൊതു പദ്ധതി വിഹിതത്തിൽ നിന്ന് നിശ്ചിത ശതമാനം തുക മാറ്റിവച്ചു. തദ്ദേശ സ്ഥാപനങ്ങൾക്ക് വിഹിതം നൽകുന്ന കാര്യത്തിൽ ഈ സർക്കാർ മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ജില്ലാ പദ്ധതി രൂപീകരണം സർക്കാരിന്റെ മറ്റൊരു പ്രധാന ചുവടുവയ്പ്പാണ്. പദ്ധതി നിർവ്വഹണത്തിലെ അരാജകത്വത്തിന് വിരാമമിടാനും 93

ശതമാനം പദ്ധതികൾക്ക് നടപ്പുസാമ്പത്തികവർഷം സെപ്റ്റംബർ മാസത്തോടുകൂടി ഭരണാനുമതി നൽകാനും സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ തുല്യ പ്രാധാന്യത്തോടെ നടപ്പിലാക്കാനും നടപടി സ്വീകരിച്ചു. തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കാനുള്ള തീരുമാനമെടുത്തു. അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും നടപ്പിലാക്കുന്നതിന് ആത്മാർത്ഥമായ സമീപനം സ്വീകരിച്ചതിലൂടെ വിവിധ മേഖലകളിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. പഞ്ചായത്ത് വകുപ്പിൽ ആയിരത്തിലധികം തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്താനും 2485 തസ്തികകളിൽ പ്രൊമോഷൻ നൽകാനും 448 പുതിയ തസ്തികകൾ സൃഷ്ടിക്കാനും ഷീ ലോഡ്ജിംഗ് സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിച്ചു. സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയന്മാർ ശിശുമന്ദിരങ്ങളിലെ ടീച്ചർ/ആയമാർ എന്നിവരുടെ വേതനം യഥാക്രമം 12,000, 8000 രൂപയാക്കി വർദ്ധിപ്പിക്കാനും 200 പഞ്ചായത്തുകളിൽ ബഡ്സ് സ്കൂളുകൾ ആരംഭിക്കാനും സാധിച്ചു. 630 പാർട്ട് ടൈം ലൈബ്രേറിയന്മാർ/നേഴ്സറി ടീച്ചർമാർ/ആയമാർ എന്നിവരുടെ ഓണറേറിയം കാലയളവ് പെൻഷന് പരിഗണിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ അക്കാഡമിക് നിലവാരം മെച്ചപ്പെടുത്താനും മാലിന്യ നിർമ്മാർജ്ജനത്തിന്റെ

ഭാഗമായി പഞ്ചായത്തുകൾതോറും പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ ആരംഭിക്കാനും ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്താനും നടപടി സ്വീകരിച്ചു. നീരൊഴുക്ക് നിലച്ചുപോയ ആറുകൾ പുനരുജ്ജീവിപ്പിക്കാനും പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനുമെടുത്ത തീരുമാനം സ്വാഗതാർഹമാണ്. കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ പ്രോത്സാഹനവും സഹായവും നൽകി ഷാർജ ഫെസ്റ്റിൽ കഫേ യൂണിറ്റുകളെ പങ്കെടുപ്പിക്കാൻ സാധിച്ചത് ശ്രദ്ധേയമാണ്.

ശ്രീ. കെ. സി. ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. പഞ്ചായത്ത്-നഗരസഭാ-മുനിസിപ്പാലിറ്റി-കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഒഴിവുകൾ സമയബന്ധിതമായി നികത്താനും പ്രവർത്തനം കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം. കേന്ദ്ര വിഹിതം പൂർണ്ണമായി നേടിയെടുക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കാനും മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനും തയ്യാറാകണം. പി.എം.ജി.എസ്.വൈ. പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക യഥാസമയം വിനിയോഗിക്കാനും ഗ്രാമീണ റോഡ് നിർമ്മാണ മേഖലയിൽ കൂടുതൽ കേന്ദ്രാനുകൂല്യം നേടിയെടുക്കാനും പൂർത്തീകരിച്ച പ്രവൃത്തികളുടെ യു.സി. യഥാസമയം നൽകുന്നതിനും നടപടി സ്വീകരിക്കണം. പി.എം.ജി.എസ്.വൈ.

പദ്ധതിക്കായി നൽകിയിട്ടുള്ള എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്ത് നൽകുന്ന നടപടി പുന:പരിശോധിക്കണം. ലൈഫ് മിഷൻ വഴി ഗുണഭോക്താക്കൾക്ക് ഇതുവരെ ഒരു വീടുപോലും പൂർത്തീകരിച്ച് നൽകിയിട്ടില്ല.

<u>ശ്രീമതി ഗീതാ ഗോപി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വനിതാ സംവരണവും പട്ടിക വിഭാഗങ്ങളുടെ സംവരണവും അധികാര വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങളാണ്. ഗ്രാമസഭകളുടെ ശാക്തീകരണത്തിനും സ്ത്രീ ശാക്തീകരണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. ഗതാഗത-കുടിവെള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായതും ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ പുരോഗതി കൈവരിക്കാൻ സാധിച്ചതും ഈ ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ജനപ്രതിനിധികളായിരുന്നവർക്ക് പെൻഷൻ നൽകുന്നതിനും ഗ്രാമ പഞ്ചായത്ത് റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ലൈഫ് മിഷൻ ബൃഹത്തായ രീതിയിൽ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ഉൽപ്പാദന മേഖലയിൽ വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ പണം നീക്കിവയ്ക്കാൻ സാധിച്ചു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രതിസന്ധി പരിഹരിക്കണം. ട്രാൻസ്പരൻസി ആന്റ് അക്കൗണ്ടബിലിറ്റി നിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനം

സ്വാഗതാർഹമാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പായി ലോകത്തിന് മാതൃകയാകുന്ന രീതിയിൽ ഉയർത്തിക്കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രമോഷൻ സാദ്ധ്യതകൾ നിലനിർത്താനും വയോജന സംരക്ഷണത്തിന് മുൻതൂക്കം നൽകാനും കഴിയണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകിയിട്ടുള്ള അധികാരം കവർന്നെടുക്കൽ തടയേണ്ടതാണ്. 'ലൈഫ് മിഷൻ' കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിൽ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിലെ പോരായ്മകൾ നികത്തണം. സാമൂഹ്യക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിലെ എഞ്ചിനീയർമാരുടെയും സെക്രട്ടറിമാരുടെയും ഓവർസിയർമാരുടെയും തസ്തികകൾ നികത്തുന്നതിനും ഉദ്യോഗസ്ഥരുടെ അനാവശ്യ സ്ഥലം മാറ്റം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതി, പി.എം.ജി.എസ്.വൈ. പദ്ധതി എന്നിവയിൽ ഗവൺമെന്റ് കാണിക്കുന്ന അനാസ്ഥ ഒഴിവാക്കണം. കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റി കാര്യക്ഷമമായി പ്രവർത്തിക്കാനും അനാവശ്യ ഉത്തരവുകൾ പിൻവലിക്കാനും നടപടി സ്വീകരിക്കണം. ത്രിതല പഞ്ചായത്തുകളുടെ

അധികാരം കവർന്നെടുക്കൽ തടയാനും 'നവകേരള മിഷൻ' ഫലപ്രദമായി നടപ്പാക്കാനും സാധിക്കണം.

<u>ശ്രീ. പി. വി. അൻവർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മതന്യൂനപക്ഷങ്ങൾക്ക് തുല്യനീതി ഉറപ്പാക്കിക്കൊണ്ടുള്ള ഭരണമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ന്യൂനപക്ഷ ക്ഷേമത്തിനുള്ള പദ്ധതി വിഹിതം കുറച്ചുകൊണ്ടുവരുമ്പോൾ സംസ്ഥാന സർക്കാർ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. മദ്രസ്സാ അദ്ധ്യാപകർക്ക് ചികിത്സാ ധനസഹായം പ്രഖ്യാപിക്കുകയും പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. മദ്രസ്സാ അദ്ധ്യാപകർക്കുള്ള ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഫോർ ടാലന്റഡ് സ്റ്റുഡന്റ്സ് എന്ന പേരിൽ ഒരു സ്കോളർഷിപ്പ് ആരംഭിച്ചു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേമെന്റ് ഏർപ്പെടുത്താനുള്ള നടപടി ആരംഭിച്ചത് സർക്കാരിന്റെ നേട്ടമാണ്. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നിയമിച്ച ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയമാർ എന്നിവരുടെ ഓണറേറിയം

അഞ്ചിരട്ടിയായി വർദ്ധിപ്പിക്കുകയും ട്രാൻസ്ജെൻഡർ വിഭാഗത്തെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഡോ. എൻ. ജയരാജ്: അടിസ്ഥാനപരമായി പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലെത്തുമ്പോൾ ബഡ്ജറ്റുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥിതിയാണുള്ളത്. പദ്ധതി രൂപരേഖയുമായി ബന്ധമില്ലാത്ത ബഡ്ജറ്റാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവതരിപ്പിക്കുന്നത്. പദ്ധതികളുടെ രൂപീകരണത്തിൽ സമഗ്രമായ ഇടപെടൽ നടത്താൻ ജില്ലാ പഞ്ചായത്തുകൾക്ക് സാധിക്കാറില്ല. ലൈഫ് പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഗൗരവമായ ഇടപെടൽ ഉണ്ടാകണം.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന് രൂപം നൽകിയ നടപടി അഭിനന്ദനാർഹമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ആർഭാട വിവാഹങ്ങൾക്കുമേൽ ഒരു ശതമാനം നികുതി ഏർപ്പെടുത്തണം. പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും ട്രാൻസ്ജെൻഡറുകൾക്കുമായി പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിച്ചതും കുടുംബശ്രീയിൽ അംഗങ്ങളായ 43 ലക്ഷത്തോളം വരുന്ന വനിതകൾക്കായി

പരിശീലന പരിപാടി സംഘടിപ്പിക്കാൻ സാധിച്ചതും ശ്ലാഘനീയമാണ്. കുടുംബശ്രീയെ മെച്ചപ്പെടുത്തുന്നതിനായി 200 കോടി രൂപ മാറ്റിവച്ചു. കൈക്കുഞ്ഞുങ്ങളെ മുലയൂട്ടുന്നതിനായി പൊതുസ്ഥലങ്ങളിൽ സൗകര്യമൊരുക്കിയ നടപടി അഭിനന്ദനാർഹമാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ പരിധിക്കുള്ളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തണം. ലൈഫ് പദ്ധതിക്കായി 2,500 കോടി രൂപ വകയിരുത്താൻ സാധിച്ചു. അഞ്ചുവർഷം കൊണ്ട് വീടില്ലാത്ത മുഴുവൻ പേർക്കും വീട് ലഭ്യമാക്കുന്നതിനാണ് ലൈഫ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി സർക്കാർ അനുവദിക്കുന്ന പണത്തിന്റെ വിനിയോഗം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം.

ശ്രീ. ഐ. ബി. സതീഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ അടിസ്ഥാനപരമായ മാറ്റത്തിന് തുടക്കം കുറിക്കാൻ സർക്കാരിന് സാധിച്ചു. ബൃഹത്തായ പദ്ധതികൾ നടപ്പാക്കുന്നതിന് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ജില്ലാ വികസന പരിപ്രേഷ്യം രൂപീകരിക്കുന്നതിനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. നൂതന, സംയോജിത വികസന പദ്ധതികൾക്കായി

പ്രത്യേക ധനസഹായം ലഭ്യമാക്കാനും പഞ്ചായത്ത്, ധനകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ ഏകോപിച്ച് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്.

ശ്രീ. എ. പി. അനിൽ കുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിക്കുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പരാജയപ്പെട്ടിരിക്കുന്നു. അധികാര വികേന്ദ്രീകരണം അട്ടിമറിക്കുന്ന നിലപാടുകളാണ് തുടർച്ചയായി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും നെൽവയൽ നികത്തുന്നതിനും പഞ്ചായത്ത് ഭരണസമിതിക്കുണ്ടായിരുന്ന അധികാരങ്ങൾ ഈ സർക്കാർ കവർന്നെടുത്തു. സി.ഡി.എസ്. തെരഞ്ഞെടുപ്പിനെ രാഷ്ട്രീയവൽക്കരിക്കുകയും കുടുംബശ്രീ മിഷനെയും ജില്ലാ ഭരണ സംവിധാനങ്ങളെയും ഉപയോഗിച്ച് സി.ഡി.എസുകൾ പിടിച്ചെടുക്കുകയും ചെയ്യുന്ന നിലപാട് അംഗീകരിക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിന് വിഘാതം സൃഷ്ടിക്കുന്ന നിലപാടുകൾ തിരുത്താൻ സർക്കാർ തയ്യാറാകണം.

ശ്രീ. ചിറ്റയം ഗോപകുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നവകേരള

സൃഷ്ടിക്കുവേണ്ടിയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രവർത്തിക്കുന്നത്. വീടില്ലാത്തവർക്ക് വീടും ഭൂമിയും വീടും ഇല്ലാത്തവർക്ക് ഫ്ലാറ്റും നിർമ്മിച്ചുകൊടുക്കാനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. ലൈഫ് മിഷൻ, ആർദ്രം പദ്ധതി, കാർഷികമേഖലയെ സംരക്ഷിക്കൽ, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഹൈടെക് വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് നേതൃത്വം കൊടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം. എസ്.സി./എസ്.ടി. മേഖലയ്ക്ക് അനുവദിച്ച ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായാൽ അത് മറ്റ് പദ്ധതികൾക്ക് ചെലവിടുന്നതിനായി തീരുമാനമെടുക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകണം. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനും പഞ്ചായത്തുകളിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിനും പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിലെ ഡ്രൈവർമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തണം. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് റോഡുകൾ നിർമ്മിക്കുന്നതിനും ലിസ്റ്റ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം. പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ സാധിക്കാത്ത വലിയ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് നിർമ്മിക്കണം. കുടുംബശ്രീ മുഖേന തെരുവുനായ്ക്കളെ പിടിക്കുന്ന നടപടി സ്വാഗതാർഹമാണ്. കുടുംബശ്രീയുടെ പ്രവർത്തനം

കാര്യക്ഷമമായാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും സ്വയംപര്യാപ്തത കൈവരിക്കുന്ന വിധത്തിലുള്ള ഭാവനാസമ്പന്നമായ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം ഓരോ പഞ്ചായത്തിനും പ്രത്യേകമായി കുടിവെള്ള പദ്ധതിയും നടപ്പിലാക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ഓരോ അസംബ്ലി മണ്ഡലത്തെയും ഒരു ബ്ലോക്കായി പരിഗണിച്ച് വികസന പ്രവർത്തനങ്ങൾ നടത്തണം. നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ പാതയുടെ സർവ്വേയ്ക്ക് തുക അനുവദിക്കാത്ത നടപടി അപലപനീയമാണ്.

ശ്രീ. ബി. സത്യൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഏകീകൃത സ്വയംഭരണ വകുപ്പ് എന്ന പ്രഖ്യാപനവും ജനകീയാസൂത്രണത്തെ കൂടുതൽ കരുത്തുറ്റതാക്കാൻ സ്വീകരിച്ച നടപടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ ആരംഭിക്കാനുള്ള തീരുമാനവും ശ്ലാഘനീയമാണ്. പഞ്ചായത്ത്-ഗ്രാമ-നഗര വികസന വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞത് ഗവൺമെന്റിന്റെ നേട്ടമാണ്. കുടുംബശ്രീയും അയൽക്കൂട്ട സംവിധാനവും ശാക്തീകരിക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീകളുടെ തൊഴിലില്ലായ്മ

പരിഹരിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിനായി അഗതി രഹിത കേരളം, സ്നേഹിത തുടങ്ങിയ പദ്ധതികളും വൈകല്യമുള്ള കുഞ്ഞുങ്ങൾക്കുവേണ്ടി ബഡ്സ് സ്കൂളുകളും ആരംഭിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി സംയോജിച്ചുകൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കി. ശുചിത്വ മിഷന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണത്തിനായി പദ്ധതികൾ ആരംഭിച്ചു. ലൈഫ് മിഷൻ വിജയിപ്പിക്കുന്നതിന് എല്ലാവരുടെയും പിന്തുണയും സഹായവും ഉണ്ടാകണം. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ പ്രഖ്യാപിക്കുകയും പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി റോബോട്ടുകളുടെ സേവനം പ്രയോജനപ്പെടുത്താൻ സാധിച്ചത് അഭിനന്ദനാർഹമാണ്. പഞ്ചായത്ത് സെക്രട്ടറി, ഓവർസിയർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുകയും വിശപ്പ് രഹിത കേരളം പദ്ധതിയും ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ടി. തോമസ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടുന്നില്ല. ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ നഷ്ടമായ വിനോദ നികുതി

പുന:സ്ഥാപിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. നഗരങ്ങളിൽ അനുവാദം ലഭിച്ച പ്ലാനിനനുസരിച്ചുള്ള കെട്ടിടങ്ങളാണോ നിർമ്മിക്കുന്നതെന്ന് പരിശോധിക്കുകയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. 660 സ്ക്വയർ ഫീറ്റിൽ താഴെയുള്ള കെട്ടിടങ്ങളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിക്കണം. നഗരസഭകളുടെ ഗ്രേഡ് നിശ്ചയിക്കുകയും ശുചിത്വ മിഷന്റെ പ്രവർത്തനം വിപുലീകരിക്കുകയും അറവുശാലകൾ നിർമ്മിക്കുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. കുടുംബശ്രീയുടെ ഫണ്ട് നവലിബറൽ ബാങ്കുകൾക്ക് വിട്ടുകൊടുത്തത് സംബന്ധിച്ച് വ്യക്തമാക്കണം. കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിലൂടെ കൗൺസിലിന്റെ/കമ്മിറ്റിയുടെ അധികാരം സെക്രട്ടറിക്ക് കൈമാറിയ നടപടി അവസാനിപ്പിക്കണം. നഗരങ്ങൾക്കായി സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): നടപ്പു സാമ്പത്തിക വർഷം 1150 തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ രൂപീകരിച്ച് ഡി.പി.സി.-യുടെ അംഗീകാരം

വാങ്ങിയിട്ടുണ്ട്. പരമ്പരാഗത രീതിയിൽനിന്നും മാറി മൂന്ന മാസം പദ്ധതി രൂപീകരണവും ഒമ്പതുമാസം പദ്ധതി നിർവ്വഹണവുമെന്ന രീതിയിലേയ്ക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രവേശിച്ചിരിക്കുകയാണ്. ജി.എസ്.ടി.യിലുണ്ടായ സാമ്പത്തിക മാന്ദ്യം, കോൺട്രാക്ടർമാരുടെ സമരം, മെറ്റീരിയലുകളുടെ അഭാവം തുടങ്ങി പല പ്രതിബന്ധങ്ങളും അതിജീവിച്ച് പദ്ധതി ചെലവിന്റെയും പ്രോപ്പർട്ടി ടാക്സ് പിരിവിന്റെയും കാര്യത്തിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും അർബൻ അഫയേഴ്സ് ഡിപ്പാർട്ടുമെന്റിലും പഞ്ചായത്ത് വകുപ്പിലും സ്ഥാനക്കയറ്റങ്ങൾ നൽകുകയും 657 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ നടത്തുകയുമുണ്ടായി. മാലിന്യ നിർമ്മാർജ്ജനത്തിനായി 84 ബ്ലോക്കുകളിലും 62 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലുമായി 158 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ധാരണാ പത്രം ഒപ്പുവയ്ക്കുകയും 49 എണ്ണം യാഥാർത്ഥ്യമാക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഇരുപത് ശതമാനത്തിൽ കുറയാത്ത റോഡുകൾ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച്

പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കോർപ്പറേഷനുകളിലും ജില്ലാ ആസ്ഥാന മുനിസിപ്പാലിറ്റികളിലും ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ തീരുമാനിച്ചതിനുപുറമെ പൈലറ്റ് പ്രോജക്ടായ സുൽത്താൻ ബത്തേരിയിലെ പ്ലാന്റ് പൂർത്തീകരണ ഘട്ടത്തിലുമാണ്. കൊച്ചി ബ്രഹ്മപുരം പ്ലാന്റ് തടസ്സങ്ങൾ നീക്കി മെയ് മാസത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയും. മറ്റു കോർപ്പറേഷനുകളിലും ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുക്കുന്നതാണ്. സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി-യുടെ സഹായത്തോടെ ബിൽഡിംഗ് പെർമിറ്റ്, ഒക്ക്യുപ്പെൻസി സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾ സമയബന്ധിതമായും സുതാര്യമായും നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറായിവരുന്നു. എട്ട് അമൃത് സിറ്റികളിൽ ഇത് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അഞ്ച് വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന് ഒരു പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചു. ജില്ലാ പദ്ധതികൾ മുഖേന പുഴകളും തോടുകളും വലിയ ജല സ്രോതസ്സുകളും സംരക്ഷിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ

കാര്യക്ഷമമാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതോടൊപ്പം കേരളത്തിനുള്ള വിഹിതം വെട്ടിക്കുറച്ചതിലുള്ള പ്രതിഷേധം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി അനുമതി ലഭിച്ച 583.313 കി.മി. റോഡുകളിൽ 71.306 കി.മി. റോഡിന്റെ പണി പൂർത്തീകരിക്കുകയും സാഗി പദ്ധതി പ്രകാരം അനുമതി ലഭിച്ച 118.451 കി.മി. റോഡിന്റെ പണി നടന്നുവരികയും ചെയ്യുന്നു. കോൺട്രാക്ട് അവാർഡ് ചെയ്തതിനുശേഷം പി.എം.ജി.എസ്.വൈ. റോഡുകളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തുകൊടുത്ത നടപടി പരിശോധിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ 500.90 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ലേബർ ബഡ്ജറ്റ് റിവൈസ് ചെയ്യണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. എൽ.എസ്.ജി. എഞ്ചിനീയറിംഗ് വിംഗിൽ 177 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും 821 ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം നടത്തുകയും കാലങ്ങളായി മുടങ്ങിക്കിടന്ന പ്രൊമോഷനുകൾ നൽകുകയും ചെയ്തതിനു പുറമെ 323 ഒഴിവുകളിൽ മാർച്ച് 31-നകം നിയമനം നടത്തുന്നതുമാണ്. ഈ വർഷം

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 6.38 ലക്ഷം തൊഴിൽ ദിനങ്ങളുൾപ്പെടെ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 10.03 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇനിമുതൽ ഒരു കുടുംബത്തിൽ നിന്നും അഭ്യസ്തവിദ്യനായ ഒരാളെക്കൂടി കുടുംബശ്രീയിൽ അംഗമാക്കുന്നതാണ്. ഈ വർഷം 200 കോടി രൂപയാണ് കുടുംബശ്രീക്കുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. നിർമ്മാണം പൂർത്തിയാകാത്ത 66000-ത്തോളം വീടുകൾ പൂർത്തീകരിക്കാനാവശ്യമായ തുക ലൈഫ് പദ്ധതിയിലുൾപ്പെടുത്തി നൽകുന്നതാണ്. ലൈഫ് പദ്ധതി കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര മാനദണ്ഡപ്രകാരം ടൂ വീലർ, ഫ്രിഡ്ജ്, ലാൻഡ് ഫോൺ എന്നിവയുള്ളവരുടെ അപേക്ഷകൾ ഒഴിവാക്കപ്പെടാൻ സാദ്ധ്യതയുണ്ട്. ഭൂമിയുള്ളതും ഭവനരഹിതരുമായ 170000-ത്തോളം ആളുകളുടേയും പി.എം.എ.വൈ. അർബൻ പ്രകാരം സെലക്ട് ചെയ്യപ്പെട്ടവരുടേയുമുൾപ്പെടെ ഒരു വർഷം കൊണ്ട് രണ്ടര ലക്ഷം വീടുകൾ പൂർത്തീകരിക്കുന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിലാണ് പണി തീരാത്ത വീടുകളുടെ പണി പൂർത്തിയാക്കാനുള്ള പരിശ്രമം സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. രാഷ്ട്രീയ കൊലപാതകങ്ങളിൽ വർഗ്ഗീയത ദർശിക്കുന്ന ലീഗ് നിലപാട് അപലപനീയമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന്

അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും 33-നെതിരെ 77 വോട്ടുകളോടെ സഭ പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 3.29-ന് പിരിഞ്ഞു.)